# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4757 22.03.2018-ലെ മറുപടിയ്ക്ക്

## ഗ്രാമീണ കായിക രംഗത്തിന് ഉണർവേകുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഗ്രാമീണ തലത്തിൽ കായിക രംഗത്തിന് ഉണർവേകുന്ന ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഗ്രാമീണ മേഖലയിലെ കായിക ഉന്നമനത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രകാരം 2016-17-ലെ ബഡ്ജറ്റിൽ 25 കേന്ദ്രങ്ങളിലും 2016-17-ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ 6 സ്ഥലങ്ങളിലും 2017-18-ലെ ബഡ്ജറ്റിൽ 10 സ്ഥലങ്ങളിലും മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർ നടപടികൾ കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോ സ്വീകരിച്ചു വരുന്നു. (സ്റ്റേഡിയങ്ങളുടെ പേരു വിവരം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്)<br>കുട്ടികളിൽ ചെറിയ പ്രായത്തിൽ തന്നെ കായികാഭിരുചി വളർത്തിയെടുക്കുന്നതിനായി ഗ്രാമീണ മേഖലയിലെ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ അഭിരുചിയുള്ള കായികതാരങ്ങൾക്ക് ഫുട്ബോളിൽ പ്രത്യേക പരിശീലനവും നൽകി വരുന്നുണ്ട്.<br>കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയിൽ ഗ്രാമീണ മേഖലയിലെ കായിക മേഖലയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് മുൻഗണന നൽകി ധനസഹായം അനുവദിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലേയ്ക്ക് ഗ്രാമീണ മേഖലയിൽ നിന്നുൾപ്പെടെയുള്ള കായിക താരങ്ങളെ തെരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നൽകി വരുന്നു. കൂടാതെ ഗ്രാമീണ മേഖലകളിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ജില്ലാ കോച്ചിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ വിദഗ്ധ പരിശീലനം നൽകി വരുന്നുണ്ട്. ഇതിനുപുറമെ 2020,2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ കരസ്ഥമാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമീണ മേഖലയിൽ നിന്നുള്ള കായിക താരങ്ങൾ ഉൾപ്പെടെയുള്ള കായിക താരങ്ങളെ തെരഞ്ഞെടുത്ത് 11 കായിക ഇനങ്ങളിൽ വിദഗ്ധ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്ന ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഇതിലേക്കായി എത്ര രൂപയാണ് നീക്കിവെച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (ബി) | കായിക യുവജനകാര്യാലയം മുഖേന നടപ്പാക്കുന്ന പ്ലേ ഫോർ ഹെൽത്ത് പദ്ധതിയ്ക്ക് 148.75 ലക്ഷം രൂപയും ഗ്രാസ്റൂട്ട് പ്രോഗ്രാം ഫോർ ഫുട്ബോളിന് 50 ലക്ഷം രൂപയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുന്ന ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയ്ക്ക് 2,00,00,000/-രൂപയും ബോർഡിംഗ് / ലോഡ്ജിംഗിന് 12,14,00,000/- രൂപയും ഡേ ബോർഡിംഗ് സെന്ററിന് 1,00,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നം | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|
| 1 | നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം | കാസർഗോഡ് |
| 2 | ധർമ്മടം അബു ചാത്തുകുട്ടി സ്റ്റേഡിയം | കണ്ണൂർ |
| 3 | കുത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | കണ്ണൂർ |
| 4 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | കണ്ണൂർ |
| 5 | മട്ടന്നൂർ സ്റ്റേഡിയം | പാലക്കാട് |
| 6 | വയനാട് ജില്ലാ സ്റ്റേഡിയം | വയനാട് |
| 7 | പുല്ലൂരാംപാറ, തിരുവമ്പാടി | കോഴിക്കോട് |
| 8 | നടുവണ്ണൂർ വോളിബോൾ അക്കാഡമി | കോഴിക്കോട് |
| 9 | എടപ്പാൾ ഗവ.എച്ച്.എസ്.എസ് | മലപ്പുറം |
| 10 | നിലമ്പൂർ മിനി സ്റ്റേഡിയം | മലപ്പുറം |
| 11 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | പാലക്കാട് |
| 12 | ചിറ്റൂർ ഗവ.കോളേജ് സ്പോർട്സ് കോംപ്ലക്സ് | പാലക്കാട് |
| 13 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ് | പാലക്കാട് |
| 14 | ചാലക്കുടി മുനിസിപാലിറ്റി സ്റ്റേഡിയം | തൃശ്ശൂർ |
| 15 | ഇളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട് | എറണാകുളം |
| 16 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട്, അരൂർ | ആലപ്പുഴ |
| 17 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | ആലപ്പുഴ |
| 18 | അമ്പലപ്പുഴ ഗവ. കോളേജ് സ്റ്റേഡിയം | ആലപ്പുഴ |
| 19 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം 2-ാം ഘട്ടം | ആലപ്പുഴ |
| 20 | അയ്മനം പഞ്ചായത്ത് സ്റ്റേഡിയം | കോട്ടയം |
| 21 | നെടുങ്കണ്ടം സ്റ്റേഡിയം | ഇടുക്കി |
| 22 | കോട്ടംകര മിനി സ്റ്റേഡിയം, കുണ്ടറ | കൊല്ലം |
| 23 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | തിരുവനന്തപുരം |
| 24 | കണ്ണൂർ ജവഹർ സ്റ്റേഡിയം | കണ്ണൂർ |
| 25 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | പത്തനംതിട്ട |
| 26 | തലശ്ശേരി വി.ആർ കൃഷ്ണയ്യർ സ്റ്റേഡിയം | കണ്ണൂർ |
| 27 | കൊടുമൺ സ്റ്റേഡിയം | പത്തനംതിട്ട |
| 28 | കോതമംഗലം ചേലാട് സ്റ്റേഡിയം | എറണാകുളം |
| 29 | പട്ടാമ്പി കോളേജിന് മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം | പാലക്കാട് |
| 30 | പൊന്നാനി നിളാ തീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | മലപ്പുറം |
| 31 | താനൂർ സ്റ്റേഡിയം | മലപ്പുറം |

[redacted]

| | | |
|---|---|---|
| 32 | പറളി സ്കൂൾ | പാലക്കാട് |
| 33 | മേപ്പയ്യൂർ സ്കൂൾ | കോഴിക്കോട് |
| 34 | ഫറൂഖ് ഗണപതി സ്കൂൾ | കോഴിക്കോട് |
| 35 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം | കണ്ണൂർ |
| 36 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം | മലപ്പുറം |
| 37 | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് | തൃശ്ശൂർ |
| 38 | വടകര ഇൻഡോർ സ്റ്റേഡിയം | കോഴിക്കോട് |
| 39 | ശ്രീനാരായണ മംഗലം ഇൻഡോർ സ്റ്റേഡിയം | എറണാകുളം |
| 40 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | കണ്ണൂർ |
| 41 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | കൊല്ലം |

S.O